# ജാമക്കാരൻ
# JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 9

SEPTEMBER - 2021 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333



ജാമക്കാരൻ JAMAKKARAN




കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിന്റെ നിസ്തുല നാമത്തിൽ എന്റെ സ്നേഹ വന്ദനം.

2021 സെപ്റ്റംബർ മാസ ജാമക്കാരൻ ഒക്ടോബറിൽ അയയ്ക്കുവാൻ സാധിച്ചു. അതതു മാസത്തെ ജാമക്കാരൻ യഥാസമയം അയയ്ക്കുവാനുള്ള സാഹചര്യം ഇനിയും ഉണ്ടായിട്ടില്ല. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ വലിയ പ്രസ്സിൽ നിന്നും ചെറിയ പ്രസ്സിലേക്കുള്ള മാറ്റം കാരണമാണ് മാസിക അയയ്ക്കുവാൻ താമസിക്കുന്നത്. ഈ കാലതാമസം തുടർന്നുള്ള മാസങ്ങളിലും ഉണ്ടാകും. സാമ്പത്തിക ബുദ്ധിമുട്ട് അല്ല കാരണം. കേരളത്തിന് അകത്തും പുറത്തും ഉള്ള ജാമക്കാരൻ വായനക്കാർ തുടർച്ചയായി സാമ്പത്തികസഹായം അയച്ചു തരുന്നുണ്ട്. കഴിഞ്ഞ മാസം മുതൽ 162 വിദേശരാജ്യങ്ങളിലേയ്ക്കും

വിമാനസർവ്വീസ് തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് സെപ്റ്റംബർ മാസം നാലു മാസികകൾ ഒരു കവറിൽ ആക്കി വിദേശത്തുള്ള എല്ലാ വായനക്കാർക്കും അയച്ചിട്ടുണ്ട്. ഇനി തുടർന്നുള്ള മാസങ്ങളിലും വിദേശത്തേയ്ക്കുള്ള മാസികകൾ അയയ്ക്കുവാൻ കഴിയും എന്നു വിശ്വസിക്കുന്നു. മാസിക കിട്ടാത്തവർ താഴെ പറയുന്ന വെബ്സൈറ്റിൽ നിന്നും മാസിക വായിക്കുവാനും, അതിൽ നിന്നും കോപ്പികൾ ഡൗൺലോഡ് ചെയ്ത് അതിന്റെ കോപ്പികൾ എടുത്ത് മറ്റുള്ളവർക്ക് വിതരണം ചെയ്യുവാനും സാധിക്കും (www.jamakaran.com) മൊബൈൽ നമ്പർ 9894261333.

ഈ എഡിറ്റോറിയൽ ഒക്ടോബർ മാസം ആദ്യ ആഴ്ചയിൽ പ്രസ്സിലേക്ക് അയയ്ക്കുന്നു.

- തിരുനെൽവേലി സി.എസ്.ഐ. ഡയോസിസിൽ, കൗൺസിൽ തെരഞ്ഞെടുപ്പും ബിഷപ്പ് തെരഞ്ഞെടുപ്പും പ്രശ്നങ്ങളൊന്നും ഇല്ലാതെ നടന്നു. കഴിഞ്ഞ ചില വർഷങ്ങളായി ഹൈക്കോടതി തന്നെയാണ് തിരുനെൽവേലി ഡയോസിസിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. അച്ചൻമാർക്ക് ശമ്പളം കൊടുക്കുന്നതും കോടതിയാണ്. യഥാർത്ഥത്തിൽ വിശ്വാസികൾക്ക് ഇതൊരു നാണക്കേടാണ്. ഇതിനുമുൻപ് കന്യാകുമാരി ഡയോസിസിലും ഇതുപോലെ പ്രശ്നങ്ങൾ വർദ്ധിക്കുകയും കോടതി ചുമതല ഏറ്റെടുക്കുകയും ചെയ്ത സംഭവം ഉണ്ടായി. ഏകദേശം 6 മാസങ്ങൾ ഒരു ഹൈന്ദവ വക്കീൽ മുഖേന അച്ചൻമാർ ശമ്പളം കൈപ്പറ്റി. അത്രയും സാക്ഷ്യമില്ലാത്ത സംഭവങ്ങൾ അവിടെ നടന്നു. അതുപോലെ തന്നെ തിരുനെൽവേലി ഡയോസിസിലും വർഷങ്ങളായി കൗൺസിൽ തെരഞ്ഞെടുപ്പ് നടത്താതെയിരുന്നു. കൗൺസിൽ തെരഞ്ഞെടുപ്പിന് ഒരു ഗ്രൂപ്പുകാർ സ്റ്റേ ഉത്തരവ് വാങ്ങിയാൽ അടുത്ത ഗ്രൂപ്പ് മറ്റൊരു കോടതിയിൽ നിന്നും സ്റ്റേ വാങ്ങും. ഗ്രൂപ്പു വഴക്കുകൾ അസാധാരണമായവിധം വർദ്ധിച്ചപ്പോൾ കോടതി ഡയോസിസിന്റെ ചുമതല ഏറ്റെടുത്തു. വിരമിച്ച 6 ജഡ്ജിമാരടങ്ങിയ ഒരു കമ്മിറ്റിയെ ഡയോസിസിന്റെ ചുമതല ഏല്പിച്ചു. അതിനുശേഷം 10 ഓഡിറ്റർമാർ ചേർന്ന ഒരു സംഘത്തെ നിയോഗിച്ച്,

എല്ലാ സഭകളിലേയും വരവുചിലവുകൾ പരിശോധിച്ച്, അതിന്റെ വിശദമായ ഒരു റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ഡയോസിസിന്റെ പഴയകമ്മിറ്റിക്കാർ കോപത്താൽ വരവു ചെലവു സംബന്ധിച്ച വിവരങ്ങൾ നൽകുവാൻ തയ്യാറായില്ല. അതിനാൽ കോടതി രണ്ടു തവണ ശാസിക്കുകയും ചെയ്തു. അതിനുശേഷം കണക്കെടുപ്പ് രണ്ടു വർഷത്തോളം നീണ്ടുപോയി. ഒടുവിൽ പോലീസ് സഹായത്തോടെ ഓരോ സഭകളിലും തെരഞ്ഞെടുപ്പ് നടത്തി. തുടർന്ന് ആഗസ്റ്റ് മാസം പുതിയ ഡയോസിസ് കൗൺസിലിനെ തെരഞ്ഞെടുത്തു. ആ തെരഞ്ഞെടുപ്പിൽ, കഴിഞ്ഞ 15 വർഷങ്ങളായി തുടർച്ചയായി ഭരണം നടത്തി അഴിമതികൾക്കും സാമ്പത്തിക തിരിമറികൾക്കും കൂട്ടുനിന്ന ആർക്കും ജയിക്കുവാൻ കഴിഞ്ഞില്ല. ജനങ്ങളുടെയും അച്ചൻമാരുടെയും വെറുപ്പ് കാരണം പഴയകമ്മിറ്റിയിൽ നിന്നും ഒരാൾ പോലും ജയിച്ചില്ല. പുതിയ കൗൺസിലും അച്ചൻമാരും ചേർന്നു ബിഷപ്പു തെരഞ്ഞെടുപ്പും നടത്തി. ഈ മാസിക പുറത്തിറങ്ങുന്നതിനു മുൻപ് പുതിയ ബിഷപ്പ് തെരഞ്ഞെടുക്കപ്പെട്ടിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ബിഷപ്പു പാനലിൽ വന്ന 4 പേരുടെയും പേര് സിനഡിലേക്ക് അയച്ചിരിക്കുന്നു. രണ്ടു ഗ്രൂപ്പുകാരും കോടികളടങ്ങുന്ന പണച്ചാക്കുകളുമായി രംഗത്തു വന്നു. അതിൽ ഒരു ഗ്രൂപ്പുകാർ തിരുവനന്തപുരത്തേക്കും അടുത്ത ഗ്രൂപ്പുകാർ ചെന്നൈയിലേക്കും പോയതായുള്ള വിവരം ഞാനറിഞ്ഞു. ഇതിൽ കൂടുതൽ കോടികൾ കൊടുക്കുന്നവരുടെ അച്ചനാണ് ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുന്നതെന്നാണ് കഴിഞ്ഞ കാലതെരഞ്ഞെടുപ്പുകൾ നമുക്കു നൽകുന്ന മലിനമായ പാഠം.

## നഷ്ടം ആർക്കാണ്?

ഭൂരിപക്ഷം സി.എസ്.ഐ. സഭകളിലും ലൂഥറൻ സഭകളിലും കോടതി കേസുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സമീപകാലത്ത് 24 സി.എസ്.ഐ. ഡയോസിസുകളിൽ വക്കീൽ ഫീസ് നൽകിയതിന്റെ ഓഡിറ്റ് റിപ്പോർട്ട് പുറത്തു വന്നിട്ടുണ്ട്. അതിൽ ഒരു ഭാഗത്തിന്റെ വിവരം സി.എസ്.ഐ. സഭാജനങ്ങളായ വായനക്കാരുടെ അറിവിലേക്ക് പ്രസിദ്ധീകരിക്കുന്നു.

- (ROC AND INCOME TAX DEPARTMENT) 2014 - 2019 വരെ Income Tax Department ന് സമർപ്പിച്ച സി.എസ്.ഐ. TA യുടെ ANNUAL FINANCE STATEMENT

ഇതിൽ വക്കീലൻമാർക്കു കൊടുത്ത ഫീസ് മാത്രം

| | | | |
|---|---|---|---|
| 2014 - 2015 | Rs. | 9,31,97,197 | (രൂപ (കോടികൾ) |
| 2015 - 2016 | Rs. | 11,04,54,136 | |
| 2016 - 2017 | Rs. | 12,99,96,312 | |
| 2017 - 2018 | Rs. | 10,96,54,348 | |
| 2018 - 2019 | Rs. | 12,73,06,096 | |

(കഴിഞ്ഞ 5 വർഷങ്ങളിൽ നിയമാനുസൃതമായ ചെലവുകൾ Rs.57,06,08,089 (രൂപ 57 കോടി 6 ലക്ഷത്തി എണ്ണായിരത്തി എൺപത്തൊാൻപതു മാത്രം.

മാസം തോറും കോടതി ചെലവിനുമാത്രം Rs. 95,10,134 ചെലവാകുന്നു. ഇതു കൂടാതെ സി.എസ്.ഐ. കോളേജ്, സ്കൂൾ, പോളിടെക്നിക് ഇതിന്റെ ചെലവുകൾ പുറമെ (കോടതിയുടെ 2 മാസത്തെ അവധി ഇല്ലാതെ).

ഫീസിനത്തിൽ കോടതിയ്ക്കു നൽകിയ തുക Rs. 1,14,12,161.

ഫീസിനത്തിൽ കോടതിയ്ക്കു നൽകിയ തുക Rs. 1,14,12,161.

നമ്മുടെ സി.എസ്.ഐ. സഭാ ബിഷപ്പുമാർ, ലേ സെക്രട്ടറിമാർ, അഡ്മിനിസ്ട്രേറ്റ് കമ്മറ്റി അംഗങ്ങൾ ഇവരെല്ലാവരും ചേർന്ന് ചെയ്യുന്ന തെറ്റിന് സഭാംഗങ്ങളായ നാം ആഹാരം കഴിക്കാതെ ഉപവാസങ്ങൾ എടുത്ത്, വെള്ളം പോലും കുടിക്കാതെ, ദൈവത്തിന് കാണിയ്ക്ക എന്ന പേരിൽ നമ്മുടെപള്ളികളിൽ ഇടുന്ന വഴിപാടുകളെ, മുകളിൽ സൂചിപ്പിച്ച വ്യക്തികളാൽ, ദുരുപയോഗപ്പെടുത്തുന്നത് സി.എസ്.ഐ. സഭാംഗങ്ങളായ നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? അതുകൊണ്ട് ഭൂരിപക്ഷ സി.എസ്.ഐ. വിശ്വാസികൾ, വ്യാജമായ രോഗശാന്തി യോഗങ്ങൾ നടത്തുന്ന വ്യാജ ദൈവവേലക്കാരുടെ

യോഗങ്ങളിലേക്ക് ആകർഷിക്കപ്പെട്ട് ലക്ഷങ്ങൾ കൊണ്ടുപോയി കൊടുത്ത് വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ റ്റി.വി. ചാനലുകളിൽക്കൂടി നടത്തപ്പെടുന്ന വ്യാജസന്ദേശങ്ങൾക്കായും ലക്ഷങ്ങൾ അയച്ചുകൊടുത്ത് വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന ദൈവം വെറുക്കുന്ന വിഗ്രഹാരാധികളുടെ റ്റി.വി. ചാനലുകളെ ഉൽസാഹപ്പെടുത്തരുത്.

1. പോട്ട ധ്യാനകേന്ദ്രം നടത്തുന്ന GOODNESS

2. SHALOM TV

3. POWER VISION

4. ATE

ഈ റ്റി.വി. ചാനലുകളിൽ മരിച്ചവരുടെ ദുരാത്മാക്കളോട് പ്രാർത്ഥിക്കുന്നവരാണ് ഇവർ. മരിച്ചുപോയ മറിയ, അന്തോണി തുടങ്ങിയ വ്യക്തികളെ വിശുദ്ധൻമാർ എന്നു പ്രഖ്യാപിച്ചുകൊണ്ട് അവരോടു പ്രാർത്ഥിക്കുന്നു. ഈ ചാനലുകൾ കാണുന്ന വ്യക്തികളോടും അങ്ങനെ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുന്നു.

ഈ റ്റി.വി. ചാനലുകൾ കാണുന്ന വ്യക്തികൾക്ക് ദൈവവേലക്കാരനായ ഞാൻ മുന്നറിയിപ്പു നൽകുന്നു. ഇവർ ചൂണ്ടി കാണിക്കുന്ന മറിയ ഉൾപ്പെടെ മരിച്ച ആത്മാക്കളോട് പ്രാർത്ഥിക്കുന്ന എല്ലാവരും ശപിക്കപ്പെട്ടവർ എന്നു വേദപുസ്തകം പറയുന്നു (ആവ. 18: 9– 12).

വെളിച്ചപ്പാടു, ലക്ഷണം പറയുന്നവൻ – മരിച്ച ആത്മാക്കളോട് സംസാരിക്കുനനവൻ (തമിഴ് ബൈബിൾ). ഇവരെയെല്ലാം ദൈവം വെറുക്കുന്നു. (ശപിക്കപ്പെടുന്നു, തമിഴ്). ഇങ്ങനെ ഉള്ളവർക്ക് സാമ്പത്തിക സഹായം നൽകിയാൽ അവരുടെ ദുഷ്പ്രവൃത്തികൾക്ക് നിങ്ങളും ഓഹരിക്കാരാകും.

മുകളിൽ സൂചിപ്പിച്ച ചാനലുകളിൽ വ്യാജമായ **അന്യഭാഷയും**, പ്രസംഗത്തിനിടെ ഓരോ വാക്കുകൾക്കുശേഷവും ആമേൻ, ഹല്ലേലൂയ്യ തുടങ്ങി അർത്ഥമില്ലാതെ പറയുന്നത് നിങ്ങൾക്കു കേൾക്കാം. ഇവർ **ആമേൻ** എന്ന

വാക്കും **ഹല്ലേലൂയ്യാ** എന്ന വാക്കും എവിടെ ഉപയോഗിക്കണം എന്ന് അർത്ഥം അറിയാത്തവരാണ്. ചിലർ ധാരാളം കത്തുകൾ മേശപ്പുറത്തു വച്ചുകൊണ്ട്, എല്ലാ കത്തുകൾക്കും കർത്താവ് മറുപടി തന്നു എന്ന് പറഞ്ഞ് വ്യാജസാക്ഷികളെ ഉണ്ടാക്കുന്നു. ഇതിനുവേണ്ടി ഒരാളെ പരിശീലിപ്പിച്ച് മുൻനിരയിൽ ഇരുത്തുന്നു. ഇവർ ആരുടേയും സാക്ഷ്യങ്ങൾ ആരും വിശ്വസിക്കരുത്. ഇതിലും നല്ല പ്രസംഗങ്ങൾ ഉണ്ട്. അതിനെ നിങ്ങൾ വചനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയണം. പരിശുദ്ധാത്മാവിന്റെ സഹായത്താൽ മുകളിൽ സൂചിപ്പിച്ച എല്ലാ റ്റി.വി. ചാനൽ പരിപാടികളെയും, അത് ഏതാത്മാവിനാൽ നടത്തപ്പെടുന്നുവെന്ന് വിവേചിച്ച് അറിയുന്നത് നിങ്ങളുടെ ആത്മാക്കൾക്ക് നല്ലതാണ്. ഈ ചാനലുകളിൽ വരുന്ന ഗാനങ്ങൾ കേൾക്കുവാൻ ഇമ്പമുണ്ടെങ്കിലും അത് നമ്മുടെ ആത്മാവിനെ സ്പർശിക്കുന്നില്ല.

അതുകൊണ്ട് ഞാൻ നിങ്ങളോട് അറിയിക്കുവാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ സി.എസ്.ഐ. സഭകളിൽ നടക്കുന്ന സാമ്പത്തിക വെട്ടിപ്പുകളെയും നാം അയയ്ക്കുന്ന കാണിയ്ക്കകളെ ദുർവിനിയോഗം ചെയ്യുന്നതുകൊണ്ട്, നമ്മുടെ അദ്ധ്വാനഫലങ്ങളെ വക്കീലൻമാർക്കും കോടതി വ്യവഹാരങ്ങൾക്കും ചെലവു ചെയ്യുന്നതിനേക്കാൾ സുവിശേഷം എത്തിച്ചേരാത്ത ഗ്രാമങ്ങളിൽ സുവിശേഷം എത്തിയ്ക്കുവാൻ പ്രയത്നിക്കുന്ന മിഷണറികൾക്കും മിഷണറി സ്ഥാപനങ്ങൾക്കും അയയ്ക്കുന്നത് നിങ്ങൾക്ക് അനുഗ്രഹപ്രദമായിരിക്കും.

സി.എസ്.ഐ. സഭയിൽ അംഗമായി 30 വർഷങ്ങൾ പ്രവർത്തിച്ച എനിക്ക് സി.എസ്.ഐ. യെക്കുറിച്ച് മോശമായി എഴുതേണ്ടി വന്നതിൽ വിഷമം ഉണ്ടാകുന്നു. എങ്കിലും ജാമക്കാരൻ എന്ന ദൗത്യത്തെ എന്റെ ദൈവം എന്റെ കയ്യിൽ ഏൽപിച്ചതുകൊണ്ട് ഞാനല്ലാതെ വേറെ ആർക്കാണ് എഴുതി അറിയിക്കുവാൻ കഴിയുന്നത്.

ഇതേ ജാമക്കാരനിൽ സാക്ഷ്യമുള്ള നല്ല ബിഷപ്പുമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും എഴുതിയിട്ടുണ്ട്. അത് സി.എസ്.ഐ.

ബിഷപ്പുമാർക്കും അച്ചൻമാർക്കും കമ്മിറ്റി അംഗങ്ങൾക്കും സഭാജനങ്ങൾക്കും പ്രയോജനമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. വചനത്തിന്റെ അടിസ്ഥാനത്തിൽ നേർവഴി നടത്തുന്ന സഭയേയും അതിനു നേതൃത്വം കൊടുക്കുന്ന വേലക്കാരെയും ദൈവം കാണിച്ചു തന്ന് സഹായിക്കുമാറാകട്ടെ.

- Dr. Pushparaj

## OFFERING DETAILS

☐ ഈ ശുശ്രൂഷയ്ക്കുവേണ്ട കാണിക്ക അയച്ചു തന്ന് സഹായിച്ചു കൊണ്ടിരിക്കുന്ന വായനക്കാർക്ക് എല്ലാവർക്കും എന്റെ നന്ദി അറിയിക്കുന്നു. നിങ്ങൾ NEFT മൂലമായി എന്റെ ബാങ്ക് അക്കൗണ്ടിൽ പണം അയച്ചിരുന്നു, ചിലർ Western Money മൂലമായി കാണിക്ക അയച്ചു തന്നിരുന്നു.

☐ ബാങ്ക് മുഖാന്തിരം പണം അയക്കുമ്പോൾ എന്റെ പേര് M G E PUSHPARAJ എന്ന് ഓരോ ഇൻഷ്യലിനും കുത്ത് ഇടാതെ എഴുതി അയക്കുമ്പോൾ മാത്രമേ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ പേര് സ്വീകരിക്കുകയുള്ളൂ. കുത്ത് ഇട്ടാൽ സ്വീകരിക്കുകയില്ല. അതേ സമയം ഓരോ ഇൻഷ്യലിനും Space വിടണം (M G E) ചിലർ ഇതിൽ പ്രയാസപ്പെട്ടതുകൊണ്ടാണ് ഇവിടെ എഴുതുന്നത്.

☐ നിങ്ങൾ അയച്ച പണത്തിന് രസീതോ, മറുപടിയോ എഴുതിഅറിയിക്കാൻ പറ്റിയില്ല. കാരണം തുടർച്ചയായി ശുശ്രൂഷയിൽ ആയിരുന്നതുകൊണ്ടാണ് ദയവായി ക്ഷമിക്കുമല്ലോ.

## WESTERN UNION & MONEY GRAM

☐ വിദേശ നാടുകളിൽ നിന്നും Western Union മൂലം പണം അയക്കുന്നവർക്ക് അല്ലെങ്കിൽ Money Gram മൂലം കാണിക്ക അയക്കുന്നവർക്ക് അതാതു നാടുകളുടെ ബാങ്കുകളിൽ എന്റെ ആദ്യത്തെ പേര്, നടുക്കത്തെ പേര്, അവസാനത്തെ പേര് ചോദിക്കുന്നു. അതുകൊണ്ട് എന്റെ മാതാപിതാക്കൾ തീവണ്ടി നീളത്തിന് എനിക്ക് വച്ച പേര് ഇവിടെ നിങ്ങൾക്കായി എഴുതുന്നു. ഈ പേരാണ് എന്റെ പാസ്പോർട്ടിലുള്ളത്. ഇത് നിങ്ങൾ എഴുതി വച്ചു കൊള്ളു. Manickam George Edmund Pushparaj. ഇത് നിങ്ങളുടെ ഇഷ്ടത്തിന് പിരിച്ചെഴുതിക്കൊള്ളു.

# മാതൃകാബിഷപ്പ്

**കുറിപ്പ് :** കഴിഞ്ഞ മാസത്തെ തമിഴ് ജാമക്കാരനിൽ ബിഷപ്പ് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്ന അച്ചനുവേണ്ട യോഗ്യതകളെക്കുറിച്ച് ഞാൻ എഴുതിയിരുന്നു. ഇന്ന് സി.എസ്.ഐ. യിലുള്ള 24 ഡയോസിസുകളിൽ ഏതാനും പേർ ഒഴികെ മറ്റു എല്ലാ ബിഷപ്പുമാരുടെയും സാക്ഷ്യം നഷ്ടപ്പെട്ടിരിക്കുന്നു. തമിഴ്നാട്ടിൽ പ്രത്യേകിച്ചും രണ്ടു ബിഷപ്പുമാരുടെ ജീവിതവും കേരളത്തിൽ ഒരു ബിഷപ്പിന്റെ ജീവിതവും എങ്ങനെ ഉള്ളതാണെന്ന് എനിക്ക് അറിയാം. ഞാൻ ആ ലേഖനം എഴുതിയ ശേഷം ചില സാക്ഷ്യജീവിതമുള്ള അച്ചൻമാർ തങ്ങളുടെ അറിവിലുള്ള ചില ബിഷപ്പുമാരുടെ ജീവിതങ്ങളെക്കുറിച്ച് എനിക്ക് എഴുതി. ആ ബിഷപ്പുമാരുടെ സാക്ഷ്യവും എനിക്കറിയാം. തിരുനെൽവേലി ഡയോസിസിൽ ആദ്യ തമിഴ് ബിഷപ്പായി പ്രവർത്തിച്ച ബിഷപ്പ് **അസറിയ** അവർകളെക്കുറിച്ച് ഞാൻ കേട്ടറിഞ്ഞിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തെ കണ്ടിട്ടില്ല. അച്ചൻമാർ ചൂണ്ടിക്കാണിച്ച രണ്ടു ബിഷപ്പുമാരെ എനിക്ക് നന്നായിട്ടറിയാം. എനിക്ക് ഒരച്ചൻ എഴുതിയ കത്തിന്റെ ചുരുക്കം ഇവിടെ പ്രസിദ്ധീകരിക്കുന്നു. അത് ഇപ്പോഴുള്ള ബിഷപ്പിനും ഇനി വരാൻ പോകുന്ന ബിഷപ്പിനും ഏറെ പ്രയോജനകരമായിരിക്കും. “സ്നേഹം നിറഞ്ഞ ഡോ. പുഷ്പരാജ് ദൈവദാസന് ക്രിസ്തുവിന്റെ നാമത്തിൽ വന്ദനം പറയുന്നു.

താങ്കൾ കൊറോണ ബാധിതനായി എന്നറിഞ്ഞപ്പോൾ എനിക്കത് വിശ്വസിക്കുവാൻ സാധിച്ചില്ല. താങ്കളുടെ മാസിക വായിച്ചതിനുശേഷമാണ്

വിശ്വസിച്ച് താങ്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങിയത്. ഇപ്പോൾ ദൈവം താങ്കൾക്കു നൽകിയ സൗഖ്യത്തിനായി ദൈവത്തെ സ്തുതിക്കുന്നു. താങ്കൾ എഴുതിയ ലേഖനത്തിൽ താങ്കളുടെ സഭയിലെ തെരഞ്ഞെടുപ്പിൽ താങ്കളുടെ പേര് വോട്ടർ പട്ടികയിൽ നിന്നും നീക്കം ചെയ്ത സംഭവം വായിച്ചു. തന്റെ പേര് നീക്കം ചെയ്ത അച്ചൻ, തന്റെ കുട്ടിക്കാലം മുതൽ തന്നെ തന്നെക്കുറിച്ച് അറിയാവുന്ന വ്യക്തി ആയിരുന്നു. ആ അച്ചന്റെ മാതാപിതാക്കളും ഡോക്ടറുടെ മാതാപിതാക്കളും 84 വർഷങ്ങളായി പരസ്പരം പരിചയം ഉള്ളവരും ഒരേ സഭയിലെ അംഗങ്ങൾ ആണെന്നുമുള്ള വിവരം ആ അച്ചനും അറിയാമായിരുന്നു. ആ അച്ചൻ ഡോക്ടറുടെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ട് ദൈവവേലയിൽ പ്രവേശിച്ചയാളാണെന്നും അറിഞ്ഞു. അങ്ങനെയുള്ള ഒരു അച്ചൻ താങ്കളുടെ പേര് വോട്ടർപട്ടികയിൽ നിന്നും നീക്കുവാൻ ഒരു മുഖാന്തിരവും ഇല്ല. എന്നിട്ടും അച്ചൻ പേര് നീക്കം ചെയ്തു എങ്കിൽ ഇതിന്റെ പിന്നിൽ മറ്റൊരു കരം അച്ചനെ ഇതിനുവേണ്ടി നിർബന്ധിച്ചു എന്നുവേണം കരുതുവാൻ. തെരഞ്ഞെടുപ്പിനുശേഷം വീണ്ടും ഡോക്ടറുടെ പേര് പട്ടികയിൽ ചേർത്തു എന്നറിഞ്ഞപ്പോൾ, ഇത് ആരോ മനഃപൂർവ്വം കരുതിക്കൂട്ടി ചെയ്തതാണെന്ന് ഉറപ്പിച്ചു. താങ്കൾ എഴുതിയതുപോലെ സഭാ രാഷ്ട്രീയത്തിൽ ഇടപെടുവാൻ പാടില്ല. ഏതു പാർട്ടിയേയും ഏതു ഗ്രൂപ്പിനെയും സപ്പോർട്ട് ചെയ്യുവാനും പാടില്ല. അതു വളരെ ശരിയാണ്. താങ്കൾ സൂചിപ്പിച്ച മറ്റൊരു കാര്യം, ഇതു വരെ താങ്കളുടെ സഭയിലെ ഒരു തെരഞ്ഞെടുപ്പിലും വോട്ട് രേഖപ്പെടുത്തിയിട്ടില്ല, ഒരു പദവിയും താങ്കൾ ആഗ്രഹിച്ചിട്ടില്ല എന്നും എഴുതിയിരുന്നു. ഇതൊക്കെയും ആ അച്ചൻ മനസ്സിലാക്കിയിട്ടും താങ്കളുടെ പേര് നീക്കം ചെയ്തത് ആരെ പേടിച്ചിട്ടാണെന്നും മനസ്സിലാകുന്നില്ല. സഭയുടെ മാസവരി കുടിശ്ശിക ഇല്ലാതെ അടച്ചു വരുന്നു. ഡോ. പുഷ്പരാജ് അവർകൾ ഡോക്ടറായി സേവനം അനുഷ്ഠിച്ചിരുന്നപ്പോൾ പള്ളിയിൽ ആദ്യമായി മണി വാങ്ങി നൽകിയതും സഭയ്ക്ക് സ്വന്തമായി ഒരു ശവമഞ്ചം (വാഹനം) വാങ്ങി നൽകിയതും കൂടാതെ താങ്കൾ സഭയ്ക്കുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളും

എല്ലാവർക്കും അറിയാവുന്നതാണ്. ഇതൊക്കെ അറിഞ്ഞിട്ടും ആ അച്ചൻ ചെയ്തത് സഭാ രാഷ്ട്രീയമാണ്. ഞാൻ ഒരു പള്ളിയിൽ പട്ടക്കാരനായി പ്രവർത്തിക്കുമ്പോൾ ആ പള്ളിയിൽ അംഗമായിരുന്ന ഒരു പ്രശസ്ത കൺവെൻഷൻ പ്രാസംഗികന്റെ പേരും വോട്ടർപട്ടികയിൽ നിന്നും നീക്കം ചെയ്തിരുന്നു. സഭാ സെക്രട്ടറിയോട് ഞാൻ തന്നെ ചോദിച്ചു, എന്തിനാണ് അദ്ദേഹത്തിന്റെ പേര് നീക്കം ചെയ്തതെന്ന്? അത് അദ്ദേഹം ലേല ബാക്കി തുക അടച്ചിട്ടില്ല, അതുകൊണ്ടാണ് പേര് നീക്കം ചെയ്തതെന്നു പറഞ്ഞു. അപ്പോൾ ഞാൻ ഫോൺ മുഖേന അദ്ദേഹവുമായി ബന്ധപ്പെട്ട് ലേല ബാക്കിയെക്കുറിച്ചു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു, അച്ചാ ഞാൻ അവിവാഹിതനായ ഒരു സുവിശേഷകനാണ്. എനിക്ക് കുടുംബം എന്നു പറയാൻ ആരുമില്ല. എന്റെ കൂടെ പിറന്ന സഹോദരൻ കുടുംബമായിട്ട ദൂരസ്ഥലത്ത് താമസിക്കുന്നു. പള്ളി ആരാധന കഴിഞ്ഞയുടൻ ഞാൻ ഭവനത്തിലേക്ക് മടങ്ങുന്നു. പള്ളിയിലെ ഒരു ലേലത്തിലും ഞാൻ പങ്കെടുക്കുന്നില്ല എന്നും പറഞ്ഞു. ഉടൻ തന്നെ ഞാൻ സെക്രട്ടറിയെ വിളിച്ചു ഇക്കാര്യം ചോദിച്ചു. 30 കോഴി മുട്ട അദ്ദേഹം ലേലം വിളിച്ചിട്ട് അതിന്റെ തുക അടച്ചിട്ടില്ല എന്നു സെക്രട്ടറി പറഞ്ഞു. ഞാൻ വീണ്ടും ഫോൺ മുഖേന ആ സഹോദരനെ ബന്ധപ്പെട്ട് വിവരം അറിയിച്ചു. അച്ചാ, ഞാൻ ഇറച്ചിയോ മുട്ടയോ കഴിക്കാത്ത ഒരു സസ്യാഹാരിയാണ്. അങ്ങനെയുള്ള ഞാൻ എന്തിനാണ് മുട്ട വാങ്ങുന്നത്. വീണ്ടും സെക്രട്ടറിയെ വിളിച്ച് വിവരം പറഞ്ഞപ്പോൾ, അത് ട്രഷറർക്ക് തെറ്റ് പറ്റിയതാണെന്നും സുവിശേഷകന്റെ പേര് തെറ്റായിട്ട് എഴുതിയതാണെന്നും അറിഞ്ഞു. ഇങ്ങനെയുള്ള തെറ്റുകൾ സംഭവിക്കാം. എന്നാൽ, ഡോക്ടറുടെ വിഷയത്തിൽ വേറെ എന്തോ സംഭവിച്ചിട്ടുണ്ട്. പക്ഷേ, ഡോക്ടർ അത് കാര്യമാക്കാതെ, സഭയിലെ വോട്ടർ പട്ടികയിൽ പേര് ഉണ്ടെങ്കിലും ഇല്ലെങ്കിലും ജീവപുസ്തകത്തിൽ എന്റെ പേര് എഴുതിയിട്ടുണ്ട് എന്ന ഉറപ്പ് ഉണ്ട്, എനിക്ക് അതുമതി എന്ന് എഴുതിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്റെ അനുഭവത്തിൽ ഭൂരിപക്ഷ സഭാതെരഞ്ഞെടുപ്പുകളിലും

ധാരാളം പേരെ കാരണമില്ലാതെ പട്ടികയിൽ നിന്നും നീക്കം ചെയ്തു വരുന്നു. അതുകാരണം, സഭകളിൽ അടിയും ബഹളങ്ങളും സാധാരണമായി കണ്ടു വരുന്നു. തൂത്തുക്കുടി ഡയോസിസിൽ അടുത്ത കാലത്ത് തെരഞ്ഞെടുപ്പിൽ മിക്ക സഭകളിലെയും പ്രമുഖരെ ഒഴിവാക്കിയിരുന്നു. അവരെല്ലാം അതിനെതിരായി കോടതിയിൽ പോയിരുന്നു. വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നത് തെറ്റ്. അനാവശ്യമായി പേര് നീക്കം ചെയ്തവരുടെ പേരും ഉൾപ്പെടുത്തിയ പുതുക്കിയ വോട്ടർപട്ടിക ഒരാഴ്ചയ്ക്കകം കോടതിയിൽ സമർപ്പിക്കണം എന്ന് കോടതി ഉത്തരവിറക്കി. ഇത്രയും പ്രശ്നങ്ങൾ ഉണ്ടായിട്ടും ബിഷപ്പ് അന്വേഷണം നടത്തി ശരിയായ നടപടി എടുക്കാത്തതിന് കോടതി ബിഷപ്പിനെ ശക്തമായ ഭാഷയിൽ ശാസിക്കുകയും ചെയ്തു.



Rt. Rev. Danial Abraham

## റൈറ്റ് റവ. ഡാനിയൽ അബ്രഹാം

ഞാൻ പറയുവാൻ ഉദ്ദേശിച്ചത്, **ഉത്തമ മാതൃക**യുള്ള ബിഷപ്പിനെക്കുറിച്ചാണ്. ഞാൻ 1975 –ൽ ഒരു പട്ടക്കാരനായി തിരുനെൽവേലി സി.എസ്.ഐ. ഡയോസിസിലെ ഒരു സഭാശുശ്രൂഷകനായി പ്രവർത്തിച്ചിരുന്നു. അന്ന്, റൈറ്റ് റവ. ഡാനിയൽ അബ്രഹാം അവർകളായിരുന്നു തിരുനെൽവേലി



Rt.Rev. JABARAJ

ഡയോസിസിന്റെ ബിഷപ്പ്. അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ കീഴിൽ ഒരു പട്ടക്കാരനായി പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അദ്ദേഹത്തെ ഒരു മാതൃകാ ബിഷപ്പായി ഉയർത്തിക്കാണിക്കുവാനുള്ള കാരണങ്ങൾ,

1. അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് അദ്ദേഹത്തിന്റെ ബംഗ്ലാവിൽ തന്നെ അദ്ദേഹത്തിന്റെ ഓഫീസും പ്രവർത്തിച്ചിരുന്നു. ഒരു പട്ടക്കാരൻ ബിഷപ്പിനെ കാണുവാൻ വേണ്ടി ചെല്ലണമെങ്കിൽ കുപ്പായം ഇടാതെ തന്നെ കാണുവാൻ അനുവദിക്കുകയില്ല. പുരോഹിതൻ കുപ്പായം ധരിക്കാതെ ഒരിടത്തും പോകുവാൻ പാടില്ല. നിങ്ങൾ തെറ്റിൽ വീണു പോകാതിരിക്കുവാൻ കുപ്പായം ഒരു കവചമായിരിക്കും.

2. ഒരു പാസ്റ്ററൽ മിനിസ്ട്രി രജിസ്റ്റർ എല്ലാ പട്ടക്കാരും തയ്യാറാക്കി വയ്ക്കണം. ഓരോ ദിവസവും പുരോഹിതൻ ഭവനം സന്ദർശനം നടത്തി, കുടുംബനാഥന്റെ പേര് ആ രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഓരോ മാസത്തിന്റെയും അവസാനത്തിൽ, ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ കോപ്പിയെടുത്ത് ബിഷപ്പിന് അയച്ചുകൊടുക്കണം. അതിൽ ഓരോ ദിവസവും ഓരോ ഭവനത്തിലും ധ്യാനത്തിനായി ചെലവഴിച്ച സമയത്തിന്റെ വിവരവും രേഖപ്പെടുത്തിയിരിക്കണം. ഓരോ മാസത്തിലും വേദപുസ്തകത്തിനുപുറമെ ധ്യാനത്തിനായി, ആത്മീക വർദ്ധനയ്ക്കായി വായിച്ചിട്ടുള്ള പുസ്തകങ്ങളുടെ പേരുകളും അതിൽ വ്യക്തമാക്കിയിരിക്കണം. പൊതുവെ, അദ്ദേഹം ബിഷപ്പായിരിക്കുമ്പോൾ പട്ടക്കാർ വൈകുന്നേരം സമയങ്ങളിൽ സ്വന്തം ഭവനത്തിൽ കഴിയാതെ സഭാ ജനങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുന്നത് നിർബന്ധമാക്കിയിരുന്നു.

3. ഒരു വർഷത്തേയ്ക്കുള്ള Cash Book തയ്യാറാക്കി വയ്ക്കണം. ഇതിൽ

ഓരോ ദിവസത്തേയും വരവു ചിലവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തണം. Pastorate Main Cash Book എന്ന പേരിൽ ഒരു രജിസ്റ്റർ പ്രത്യേകം ഉണ്ട്. അതിലെ കണക്കുകൾ Pastorate writer എഴുതി വയ്ക്കും. ഇങ്ങനെയുള്ള പ്രവർത്തനങ്ങളാൽ പണമിടപാടുകളിൽ സുതാര്യത വരുത്തുവാൻ എല്ലാവർക്കും പ്രയോജനപ്പെടുന്നു.

4. 3 മാസത്തിൽ ഒരിക്കൽ എല്ലാ സഭകളിലെയും പുരോഹിതൻമാർ പ്രധാന സഭയിൽ ഒരുമിച്ചു കൂടണം. ഈ കൂട്ടായ്മ രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഉണ്ടായിരിക്കും. 6 മണിക്ക് ആരാധന തുടങ്ങി തിരുവത്താഴം സ്വീകരിച്ച് തുടർന്ന് വൈകുന്നേരം വരെ ഉപവസിച്ച് പ്രാർത്ഥിക്കും. ഈ പ്രാർത്ഥനയിൽ, സഭയുടെ ഉണർവിനായും, ദേശത്തിൽ സുവിശേഷം എത്തിക്കുവാനുള്ള പ്രാർത്ഥനാകുറിപ്പുകളും എഴുതി വച്ച് പ്രാർത്ഥിക്കും. ആ പ്രാർത്ഥനാ ദിവസത്തിൽ ബിഷപ്പ് അവർകളും തുടക്കം മുതൽ അവസാനം വരെയും പ്രാർത്ഥനയോടെ പങ്കെടുക്കും.

5. സഭകളിലെ എല്ലാ ഭവനങ്ങളിലും കുടുംബ പ്രാർത്ഥനകൾ നടത്തുന്നതിനായി എല്ലാ ദിവസവും രാത്രി 9 മണിക്ക് പള്ളിയിൽ മണി അടിക്കണം. ഈ കുടുംബപ്രാർത്ഥനകളിൽ പ്രത്യേകം പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ പുരോഹിതനോ/ഉപദേശിമാരോ പള്ളിയിലെ ഉച്ചഭാഷിണിയിൽക്കൂടി അറിയിക്കുമായിരുന്നു.

6. ബിഷപ്പ് അവർകൾ തന്റെ രഹസ്യപ്രാർത്ഥനയ്ക്കായി 4 കിലോമീറ്റർ അകലെയുള്ള സ്കൂൾ ചാപ്പലിൽ പോയിരുന്നു പ്രാർത്ഥിക്കും. ആ 4 കിലോമീറ്റർ സഞ്ചരിക്കുവാൻ തന്റെ കാർ ഉപയോഗിക്കാതെ പകരം തന്റെ സൈക്കിൾ ഉപയോഗിക്കുമായിരുന്നു.

7. ഓരോ മാസവും സഭാ ശുശ്രൂഷകനും സഭാജനങ്ങളും ചേർന്ന് അടുത്തുള്ള ഗ്രാമങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചിരിക്കണം.

8. വർഷത്തിൽ ഒരിക്കൽ ദൂരെയുള്ള മറ്റു ജില്ലകളിൽ ബിഷപ്പിന്റെ നേതൃത്വത്തിൽ ഡയോസിസിലെ എല്ലാ വൈദികരേയും ഒരുമിച്ച് കൂട്ടി വാഹനത്തിൽ കൊണ്ടുപോയി സുവിശേഷം അറിയിച്ചിരുന്നു. കടന്നുപോകുവാൻ ഉദ്ദേശിക്കുന്ന ജില്ലകളിൽ പ്രവർത്തിക്കുന്ന ഡയോസിസിലെ ബിഷപ്പുമാർക്ക് നേരത്തെ തന്നെ കത്തുകളെഴുതി അവിടുത്തെ ഏതെങ്കിലും സ്കൂളുകളിൽ, പോകുന്ന അച്ചൻമാർക്കു വിശ്രമിക്കുവാൻ വേണ്ട ക്ലാസ് മുറികൾ ഒരുക്കി നൽകുമായിരുന്നു. അവിടെ വിശ്രമിച്ചുകൊണ്ട് പകൽ സമയങ്ങളിൽ പല ഗ്രൂപ്പുകളായി തിരിഞ്ഞ് അടുത്തുള്ള ഗ്രാമങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കും. 10 ദിവസത്തോളം അവിടെ താമസിച്ചു കൊണ്ടാണ് എല്ലാ ഗ്രാമങ്ങളും സന്ദർശിച്ചിരുന്നത്. ഗ്രാമങ്ങൾ സന്ദർശിക്കുന്നവേളയിൽ, ആരൊക്കെ സുവിശേഷം സ്വീകരിക്കുന്നുവോ അവരുടെ കൈകളിൽ ഓരോ ഫോറം കൊടുത്തിട്ട് അതിൽ അവരുടെ പേരും വിലാസവും വിവരങ്ങളും കൂടാതെ അവരുടെ പ്രാർത്ഥനാ വിഷയങ്ങളും എഴുതി വാങ്ങി മടങ്ങും. എഴുതി വാങ്ങുന്ന ഫോമിന്റെ ഒരു കോപ്പി അവിടുത്തെ ഡയോസിസിലെ ബിഷപ്പിന്റെ കൈവശം ഏൽപിക്കും. തുടർന്നും ഈ സുവിശേഷവിശ്വാസികളെ സുവിശേഷത്തിൽ ഉറപ്പിച്ചു നിർത്തുവാനാണ് അവിടത്തെ ബിഷപ്പിന് ഓരോ കോപ്പി നൽകുന്നത്.

9. ബിഷപ്പ് അവർകൾ പങ്കെടുക്കുന്ന ഉപവാസ പ്രാർത്ഥനകളിൽ പൂർണ്ണ സമയവും ബിഷപ്പിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. ഇടയ്ക്ക് പോകുന്ന ശീലം അദ്ദേഹത്തിന് ഇല്ലായിരുന്നു.

10. തിരുനെൽവേലി ഡയോസിസ് കൺവെൻഷനിൽ മൂന്നു പ്രാവശ്യം ഡോ. പുഷ്പരാജ് ആയ താങ്കൾ മുഖ്യ പ്രാസംഗികനായിരുന്നു. ആ കൺവെൻഷൻ യോഗങ്ങളിൽ, ആദ്യദിവസം കൺവെൻഷന്റെ

ഉദ്ഘാടനത്തിനുവേണ്ടി മാത്രമാണ് ബിഷപ്പ് സ്റ്റേജിൽ കയറിയത്. മറ്റു ദിവസങ്ങളിൽ ബിഷപ്പ് സാധാരണക്കാരോടൊപ്പം കസേരയിൽ പന്തലിൽ ഇരുന്നുകൊണ്ടാണ് പ്രസംഗം കേട്ടിരുന്നത്. രണ്ടാം പ്രാവശ്യം നടന്ന ഡയോസിസ് കൺവെൻഷനിൽ അവസാന ദിവസം പ്രസംഗമദ്ധ്യേ പെട്ടെന്ന് മഴ പെയ്തു. ആ സമയം ഡോക്ടറുടെ പ്രാർത്ഥനയിൽ ഞങ്ങൾ എല്ലാവരുടെയും മനസ്സിളകി. കർത്താവേ അവസാനദിവസം പ്രസംഗം കേട്ട് അങ്ങയോടു പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് ഈ മഴ തടസ്സം ആകരുതേ എന്നും, മഴ ഞങ്ങൾക്ക് ആവശ്യം തന്നെ എന്നിരുന്നാലും ഇപ്പോൾ, ഈ ജനത്തിന് അങ്ങയോടു പ്രാർത്ഥിക്കുവാനും തുടർന്ന് ഓരോരുത്തരും സുരക്ഷിതരായി തങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചേരുന്നതുവരേയും മഴയെ നിർത്തി സഹായിക്കേണമേ എന്നും താങ്കൾ പ്രാർത്ഥിച്ചത് കേട്ടു. ദൈവം ഡോക്ടറുടെ പ്രാർത്ഥനയെ മാനിച്ചു. അച്ചനായ ഞാനും ആ യോഗത്തിൽ ഉണ്ടായിരുന്നു. ഞങ്ങൾ കുടുംബമായിട്ട് ഭവനത്തിൽ എത്തിച്ചേർന്നയുടനെ അതിശക്തമായ മഴ തുടങ്ങുകയും രാവിലെ വരെയും മഴ തുടരുകയും ചെയ്തു. ദൈവത്തിനെ ഞങ്ങൾ സ്തുതിച്ചു പ്രാർത്ഥിച്ചു.

11. ഈ ബിഷപ്പിന്റെ കാലത്ത് 6 അച്ചൻമാർക്ക് ഒരു ദിവസം Appointment കൊടുക്കും. ഓരോ അച്ചനും 20 മിനിറ്റ് വീതം സമയം കൊടുക്കും. അച്ചൻമാരുടെ ആരോഗ്യത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും മക്കളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും വിശദമായി ചോദിച്ചറിയുകയും കുഞ്ഞുങ്ങൾക്കായി സമ്പത്തിന്റെ ഒരു അംശം സ്വരൂപിക്കുവാനും ഉപദേശിച്ച് പ്രാർത്ഥിച്ച് ഞങ്ങളെ അയയ്ക്കുമായിരുന്നു. ബിഷപ്പ് അവർകൾക്ക് നല്ല ഓർമ്മ ശക്തിയാണുള്ളത്. തന്റെ ഡയോസിലെ ഓരോ പട്ടക്കാരെക്കുറിച്ചും ഓരോ ഉപദേശിമാരെക്കുറിച്ചും ഉള്ള വിവരങ്ങൾ അദ്ദേഹത്തിന് മനഃപാഠമാണ്. ബിഷപ്പിന്റെ കൈവശം ഒരു ഡയറി ഉണ്ട്.

അതിൽ ഓരോ ശുശ്രൂഷകരുടെയും വിവരങ്ങളും പ്രശ്നങ്ങളും എല്ലാം പ്രത്യേകം എഴുതി തന്റെ രഹസ്യപ്രാർത്ഥനയിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നുവെന്ന് ഞങ്ങൾ അറിഞ്ഞിരുന്നു.

12. ഓരോ വർഷവും മെയ് മാസത്തിൽ അച്ചൻമാരുടെയും അദ്ധ്യാപകരുടെയും സ്ഥലംമാറ്റ സമയമാണ്. ആ സമയത്ത് സ്ഥലം മാറ്റപ്പെടേണ്ട വൈദികരുടെയും അദ്ധ്യാപകരുടെയും പട്ടിക ഒരു പേപ്പറിൽ എഴുതി വച്ചിരിക്കും. തുടർന്ന് ഈ പട്ടികയിലുള്ള വൈദികരെയും അദ്ധ്യാപകരെയും നേരിട്ട് വിളിപ്പിച്ച് അവരുടെ കുടുംബത്തെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കും. അവരുടെ ഈ സ്ഥലംമാറ്റം കാരണം, അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനോ ഭാര്യമാരുടെ ജോലിക്കോ എന്തെങ്കിലും തടസ്സങ്ങൾ നേരിടുമെങ്കിൽ അതൊഴിവാക്കി മാറ്റങ്ങൾ ക്രമീകരിച്ചു കൊടുക്കും. എന്നാൽ, ഈ ബിഷപ്പ് വിരമിച്ചപ്പോൾ മുതൽ ഡയോസിസിന്റെ പ്രവർത്തനങ്ങളെല്ലാം തലകീഴായി മറിഞ്ഞു. അതിനുശേഷം ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവരും തനിക്ക് വോട്ട് തരാത്ത, തന്റെ ഗ്രൂപ്പിനെ Support ചെയ്യാത്ത എല്ലാ വൈദികരെയും അദ്ധ്യാപകരെയും തലങ്ങും വിലങ്ങുമായി സ്ഥലം മാറ്റി, എല്ലാ മാനദണ്ഡങ്ങളെയും കടപുഴകിയെറിഞ്ഞ് ക്രൂരത കാട്ടി പ്രതികാരം ചെയ്തു. അച്ചനെ ഒരു സ്ഥലത്തും അദ്ധ്യാപികയായ കൊച്ചമ്മമാരെ മറ്റൊരു സ്ഥലത്തേക്കും പറഞ്ഞയച്ച് അവരെയെല്ലാം കണ്ണുനീരു കുടിപ്പിച്ചു. ബിഷപ്പ് റൈറ്റ് റവ. ഡാനിയേൽ അബ്രഹാമിന്റെ ഭരണകാലം തിരുനെൽവേലി ഡയോസിസിന്റെ സുവർണ്ണകാലഘട്ടം തന്നെയായിരുന്നു. ശാന്തിയുടെയും സമാധാനത്തിന്റെയും ആത്മീയതയുടെയും ഉച്ചകോടിയിലായിരുന്നു തിരുനെൽവേലി ഡയോസിസ്.

13. ഈ ബിഷപ്പിന്റെ കാലത്താണ് അച്ചൻമാർക്കുവേണ്ടി Deposit Scheme and Reserve Fund എന്നുള്ള പുതിയ പദ്ധതി തുടങ്ങിയത്. ഓരോ

അച്ചൻമാരുടെയും ശമ്പളത്തിൽ നിന്നും ഒരു തുക ഓരോ മാസവും ഈ ഫണ്ടിൽ നിക്ഷേപിക്കും. അച്ചൻ വിരമിക്കുമ്പോൾ ഈ തുക മുഴുവനും പലിശ അടക്കം ഒരുമിച്ച് നൽകുമായിരുന്നു. ഇങ്ങനെ ലഭിക്കുന്ന ഈ വലിയ തുക അച്ചൻമാരുടെ വിശ്രമജീവിതത്തിന് ഏറ്റവും പ്രയോജനകരമാണ്.


14. ഈ ബിഷപ്പ് അവർകൾ വിരമിച്ചശേഷം തന്റെ കാറ് ഉപയോഗിച്ചിട്ടില്ല. ഈ സമയത്ത് രോഗശയ്യകളിൽ ആയിരിക്കുന്ന രോഗികളെ സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അദ്ദേഹം ൗൺ ബസ്സുകളിലാണ് യാത്ര ചെയ്തിരുന്നത്.

15. ഈ ബിഷപ്പിനു മുൻപ് തിരുനെൽവേലി ഡയോസിസിൽ ബിഷപ്പായിരുന്ന റൈറ്റ് റവ. ജപരാജ് അവർകളെക്കുറിച്ച് അദ്ദേഹത്തിന്റെ നല്ല പ്രവർത്തനങ്ങളെക്കുറിച്ച് ധാരാളം അച്ചൻമാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

## ജാമക്കാരന്റെ കുറിപ്പ്

## കേരളത്തിലുള്ള നല്ല ബിഷപ്പുമാരെക്കുറിച്ചുള്ള സാക്ഷ്യം

ഈസ്റ്റ് കേരള ഡയോസിസിലെ ബിഷപ്പായിരുന്ന **റൈറ്റ് റവ. മൈക്കൽ ജോൺ** അവർകളെക്കുറിച്ചും അദ്ദേഹത്തിന്റെ നല്ല പ്രവർത്തികളെക്കുറിച്ചും ഇപ്പോഴുള്ള അച്ചൻമാർവരെ വളരെയധികം പുകഴ്ത്തി പറയാറുണ്ട്. കേരളത്തിലെ ബിഷപ്പുമാരിൽ കൺവെൻഷൻ പ്രാസംഗികനായി താലന്ത് ലഭിച്ച ഏകബിഷപ്പ് റൈറ്റ് റവ. മൈക്കൽ ജോൺ അവർകളാണ്.



Rt. Rev. Micheal John



Modarater Most Rev. **I. J ESUDASS**

ദക്ഷിണ കേരള മഹായിടവകയിലെ ബിഷപ്പും മോഡറേറ്ററും ആയിരുന്ന **മോസ്റ്റ് റവ. യേശുദാസൻ** അവർകളും കേരളത്തിലെ ഏറ്റവും നല്ല സാക്ഷ്യം ഉള്ള ബിഷപ്പും സി.എസ്.ഐ. യിലെ 24 ഡയോസിസുകളിലും ഏറ്റവും കൂടുതൽ പേർ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ബിഷപ്പായിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വ കാലത്ത് എല്ലാ വൈദകിരേയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത സാക്ഷ്യം ലഭിച്ച ബിഷപ്പായിരുന്നു. പക്ഷേ, ഇപ്പോഴുള്ള ബിഷപ്പുമാരിൽ 4 പേർ, തന്നെക്കാളും പ്രായമേറിയ വൈദികരെപ്പോലും എടാ പോടായെന്ന് അഭിസംബോധന ചെയ്തു വരുന്നതായി ഞാൻ അറിഞ്ഞു. ഇവരെല്ലാം ദ്രവ്യാഗ്രഹികളായി തങ്ങളുടെ സാക്ഷ്യങ്ങളെ നഷ്ടപ്പെടുത്തി ക്കൊണ്ടിരിക്കുന്നു. അവസാനമായി, മോഡറേറ്ററായിരുന്ന മോസ്റ്റ് റവ. യേശുദാസൻ അവർകൾ മരണംവരെയും എല്ലാവരാലും ബഹുമാനിക്കപ്പെട്ടവനായി ജീവിച്ചു. താൻ മരിക്കുനനതിനും മുൻപ് തന്റെ സ്വത്തെല്ലാം ഡയോസിസിനായി എഴുതികൊടുത്തു. വെറും കയ്യായി ജനിച്ച് വെറും കയ്യായി മരിച്ച് ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവനായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതം ഒരു ചരിത്രം ആകുന്നു. വരും തലമുറകൾക്ക് അദ്ദേഹം ഒരു മാതൃകാബിഷപ്പായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. ദൈവം അദ്ദേഹത്തെ അച്ചനായി തെരഞ്ഞെടുത്തു, ബിഷപ്പായും അവസാനം മോഡറേറ്ററായും ഉയർത്തി. എന്നിട്ടും യാതൊരും നിഗളവും ഇല്ലാതെ തന്റെ ജീവിതം എളിമയോടെയും സാക്ഷ്യത്തോടെയും എല്ലാവർക്കും മാതൃകയായും ദൈവം നിലനിർത്തി. അദ്ദേഹം പ്രവർത്തിച്ച മേഖലകൾക്കുവേണ്ടിയും ജാമക്കാരനായ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

# WANTED

Bethany Medical Centre, a **Christian Mission Hospital at Anaikatty,** a village on the **border of Tamil Nadu and Kerala** is looking for a **SENIOR PHYSICIAN**



Surrounded by the gorgeous **Western Ghats** the hospital has a panoramic background and the village been slowly developing as a tourist **centre** in the last few years.

Started as a Mission Hospital in 1990 with the aim of providing affordable high quality **Medical Care** to the **poor Tribal Population,** It has grown over the last 30 years into a 60 bed hospital with all basic facilities.

Presently, after 5 decades of medical service , **Dr. Muralidar, M.D.,** (Cordiologist) the **Medical Director** has decided to **step down as director** of this **institute** and the **management** is looking for a **Senior Pysician** to take over the responsibility of **running the hospital .** We are also on the look out for committed **Pediatrician.**

At Present, we have a **General Surgeon, a Gynaecologist and a Dental Surgeon. An experienced ENT surgeon, a Plastic Surgeon, an Orthopedic Surgeon, an Anesthesiologist and an Urologist also work as visiting consultants**. The hospital is on an 8 acre land with a **camp centre** and a senior **citizen quarters .** 80 percent of the **hospital staff** live within the **campus** which has a **beautiful chapel** and **mess facilities.**

**Decent salary** and partially **furnished accommodation** are provided.



*Interest Doctors can apply to :*

**Dr. K. MURALIDAR,**

*Director,* **Bathany Medical Centre,**

**Anaikatty P.O., Coimbatore - 641108, TN**

email : muralidar.anaikatty@gmail.com Cell : 9194431 65080

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**SEPTEBER - 2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.